പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 3294 — 14.10.2011-ൽ മറുപടിയ്ക്ക്

## മലപ്പുറം മണ്ഡലത്തിലെ സമ്പൂർണ്ണ വൈദ്യുതീകരണം.

**ചോദ്യം**

ശ്രീ. പി. ഉബൈദുള്ള :

**ഉത്തരം**

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജ വകുപ്പ് മന്ത്രി)

(എ) മലപ്പുറം മണ്ഡലത്തിൽ സമ്പൂർണ്ണ വൈദ്യുതീകരണ പരിപാടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ് ;

(എ) മലപ്പുറം മണ്ഡലത്തിൽ മഞ്ചേരി ഇലക്ട്രിക്കൽ സർക്കിളിനു കീഴിലുള്ള മഞ്ചേരി ഡിവിഷനിലും തിരൂർ സർക്കിളിനു കീഴിലുള്ള തിരൂരങ്ങാടി ഡിവിഷനിലുമാണ് സമ്പൂർണ്ണ വൈദ്യുതീകരണ പ്രവൃത്തികൾ നടന്നു വരുന്നത് മഞ്ചേരി ഡിവിഷനിൽ 36% പ്രവൃത്തി പൂർത്തിയായി. തിരൂരങ്ങാടി ഡിവിഷനിൽ പ്രവൃത്തികൾ അവസാന ഘട്ടത്തിലാണ്.

(ബി) പദ്ധതി ആരംഭിച്ചതു മുതൽ എത്ര പേർക്ക് പുതിയ കണക്ഷൻ നൽകിയെന്നും ഇനി എത്ര പേർക്ക് നൽകാനുണ്ടെന്നും പഞ്ചായത്ത് തിരിച്ചുള്ള കണക്കുകൾ വ്യക്തമാക്കാമോ ;

(ബി) ഇത് സംബന്ധിച്ച വിവരങ്ങൾ താഴെ കൊടുക്കുന്നു.

| പഞ്ചായത്ത്/ മുനിസിപ്പാലിറ്റി | കണക്ഷൻ നൽകിയത് | ഇനി നൽകാനുള്ളത് |
|---|---|---|
| ആനക്കയം | 200 | 200 |
| മലപ്പുറം (മുനിസിപ്പാലിറ്റി) | 50 | 100 |
| ഊരകം | 229 | 91 |
| കോഡൂർ | 0 | 25 |
| പൊൻമള | 346 | 20 |
| കോട്ടയ്ക്കൽ | 1039 | 25 |
| വേങ്ങര | 755 | 36 |
| കണ്ണമംഗലം | 578 | 28 |
| ഒതുക്കുങ്ങൽ | 686 | 25 |

(സി) സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിക്ക് ആവശ്യമായ മെറ്റീരിയൽസിന്റെ ക്ഷാമം ഇപ്പോൾ അനുഭവപ്പെടുന്നുണ്ടോ ; എങ്കിൽ ഇതു പരിഹരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ;

(സി) ചില മെറ്റീരിയൽസിന്റെ കാര്യത്തിൽ നേരിയ തോതിലുള്ള ക്ഷാമം അനുഭവപ്പെടുന്നുണ്ട്. അത് പരിഹരിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ഡി) ബാക്കിയുള്ള കണക്ഷനുകൾ കൂടി നൽകി മലപ്പുറം ഒരു സമ്പൂർണ്ണ വൈദ്യുതീകരണ മണ്ഡലമായി എന്ന് പ്രഖ്യാപിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ?

(ഡി) ആറു മാസത്തിനുള്ളിൽ മലപ്പുറം സമ്പൂർണ്ണ വൈദ്യുതീകരണ മണ്ഡലമായി പ്രഖ്യാപിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

സെക്ഷൻ ഓഫീസർ.